"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- കൈത്തറി ആൻറ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I ശ്രീമതി.വിജിത.എൻ.വി-യ്ക്ക് മലപ്പുറം ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് അന്യത്രസേവന വ്യവസ്ഥയിലുള്ള നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1563/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 21/08/2020

പരാമർശം:- 1 സർക്കുലർ നം.42/13/ഫിൻ തീയതി: 10/03/2013.

2 ശ്രീമതി.വിജിത.എൻ.വി യുടെ 18.03.2020 ലെ അപേക്ഷ.

3 വ്യവസായ വാണിജ്യ വകുപ്പ് വകുപ്പ് ഡയറക്ടറുടെ 26.05.2020 ലെ

ഡി.ഐ.സി 1445/2020-ഇ.ബി.1 നമ്പർ കത്ത്.

4 പഞ്ചായത്ത് ഡയറക്ടറുടെ 08.06.2020 ലെ ഇ10-7329/20 നമ്പർ കത്ത്.

5 മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 01.07.2020 ലെ

പി 4-1519/20 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് കൈത്തറി ആൻറ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I ശ്രീമതി.വിജിത.എൻ.വി യ്ക്ക് അന്യത്രസേവന വ്യവസ്ഥയിലുള്ള നിയമനം നല്കണമെന്നഭ്യർഥിച്ച് പരാമർ ശം (2) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം(5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. ടിയാൾക്ക് അന്യത്ര സേവനകാലവ്യവസ്ഥയിൽ നിയമനം നല്കുന്നതിൽ വിയോജിപ്പില്ലെന്ന് പരാമർശം (5) പ്രകാരം മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(1) സർക്കുലറിലെ വ്യവസ്ഥകൾക്ക് അനുസൃതമായി കൈത്തറി ആൻറ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I ശ്രീമതി.വിജിത.എൻ.വി യ്ക്ക് മലപ്പുറം ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ കെ.എസ്.ആർ.ഭാഗം ഒന്ന് ചട്ടം 140 ( സി) യിലെ വ്യവസ്ഥകൾക്ക് വിധേയമായി ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് അന്യത്രസേവനകാല വ്യവസ്ഥയിലുള്ള നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. അനുവദിക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിയ്ക്കാത്ത പക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിലുള്ള ഉദ്യോഗസ്ഥയെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃ വകുപ്പിലേക്ക് തിരിച്ച് പോകാതിരിക്കുകയും ചെയ്താൽ ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ കണക്കാക്കുന്നതല്ല. കൂടാതെ ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും അന്യത്ര സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ടിയാളെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിൽ നിന്നും വിലക്കേണ്ടതുമാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
**ഡെപ്യൂട്ടിസെക്രട്ടറി**

**പകർപ്പ്**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, മലപ്പുറം ജില്ലാ പഞ്ചായത്ത്, മലപ്പുറം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, മലപ്പുറം.

ശ്രീമതി.വിജിത.എൻ.വി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I, മലപ്പുറം ജില്ലാ പഞ്ചായത്ത് (വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ മുഖേന).

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ1/101/2020/തസ്വഭവ നമ്പർ ഫയൽ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ